LIBRARY ARCHIVES Kerala Legislative Assembly

എത്തിച്ചേർന്നവർക്ക്, അവിടെ താമസസൗകര്യം, ഭക്ഷണം എന്നിവ നൽകാനും വിമാന മാർഗ്ഗം നാട്ടിലെത്തിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചിരുന്നു. ഇവർ എത്തിച്ചേരുന്ന സ്ഥലത്തെ വിമാനത്താവളത്തിൽനിന്നും നാട്ടിലെത്തിക്കുന്നതിന് വാഹന സൗകര്യം കൂടാതെ അടിയന്തര ചെലവുകൾക്കായി 2,000 രൂപയും നൽകിയിരുന്നു. ഈ സർക്കാരിന്റെ കാലത്ത് വിവിധ രാജ്യങ്ങളിൽനിന്നും തിരികെയെത്തിയവരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

വർഷം	രാജ്യം	എണ്ണം
മെയ് 2011	യെമൻ	441
നവംബർ 2013	സൗദി അറേബ്യ	266
ജൂൺ 2013	ഇറാഖ്	418
ഓഗസ്റ്റ് 2014	ലിബിയ	532
ഏപ്രിൽ 2015	യെമൻ	2444
ആകെ		4101

ഇതിലേയ്ക്കായി ഈ സർക്കാരിന്റെ കാലത്ത് ആകെ 1.92 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

പ്രവാസികാര്യ വകുപ്പ്

101 (1475) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പ്രവാസികാര്യ വകുപ്പ് നിർത്തലാക്കിയ വിവരം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) പ്രസ്തുത നടപടി പ്രവാസികളെ ഏറെ ദോഷകരമായി ബാധിക്കുന്നതാണെന്ന വസ്തുത പരിഗണിക്കുകയുണ്ടായോ;

(സി) പ്രവാസികൾ ഏറെയുള്ള കേരളത്തെ പ്രതികൂലമായി ബാധിക്കുമെന്നത് കണക്കിലെടുത്ത് മറ്റു സംസ്ഥാനങ്ങളുമായി കൂടിച്ചേർന്ന് പരിഹാര നടപടിക്കായി മുൻകൈയെടുക്കുമോ?

ഉത്തരം

(എ) ഇല്ല. നിർത്തലാക്കുവാൻ തീരുമാനിക്കുന്നതായി അറിയുന്നു.

(ബി&സി) കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം നിർത്തലാക്കുവാൻ തീരുമാനിച്ചതുമൂലം പ്രവാസികളുടെ വിവിധ വിഷയങ്ങളിൽ, വിവിധ മന്ത്രാലയങ്ങളുടെ ഏകോപനത്തിലൂടെ സത്വര പരിഹാരം കാണുന്നതിന് തടസ്സമാകുമെന്നാണ് സംസ്ഥാന സർക്കാർ വിലയിരുത്തിയിട്ടുള്ളത്. കേന്ദ്ര പ്രവാസികാര്യ വകുപ്പ് നിർത്തലാക്കുന്നതിനുള്ള കേന്ദ്ര സർക്കാർ തീരുമാനം അടിയന്തരമായി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കത്തയയ്ക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രവാസികാര്യ മന്ത്രിയും ബഹുമാനപ്പെട്ട കേന്ദ്ര വിദേശകാര്യ വകുപ്പുമന്ത്രിയെ നേരിൽ കണ്ട് പ്രതിഷേധം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

പ്രവാസികാര്യ വകുപ്പ് നിർത്തലാക്കാനുള്ള തീരുമാനം

102 (1476) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികാര്യ വകുപ്പ് നിർത്തലാക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനത്തെ സംബന്ധിച്ചുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് അറിയിക്കാമോ;

(ബി) ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ;

(സി) ഈ വിഷയത്തിൽ ശക്തമായ പ്രതിഷേധം അറിയിക്കാൻ മുൻകൈയെടുക്കുമോ?

ഉത്തരം

(എ) കേന്ദ്ര പ്രവാസികാര്യ വകുപ്പ് നിർത്തലാക്കുന്നതിനുള്ള തീരുമാനം റദ്ദാക്കണം എന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കേന്ദ്ര പ്രവാസികാര്യ വകുപ്പ് നിർത്തലാക്കുന്നതിനുള്ള കേന്ദ്ര സർക്കാർ തീരുമാനം അടിയന്തരമായി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. പ്രധാനമന്ത്രിക്ക് ബഹു. മുഖ്യമന്ത്രി കത്തയയ്ക്കുകയും ബഹു. മുഖ്യമന്ത്രിയും ബഹു. പ്രവാസികാര്യ മന്ത്രിയും ബഹു. കേന്ദ്ര വിദേശകാര്യ വകുപ്പുമന്ത്രിയെ നേരിൽ കണ്ട് പ്രതിഷേധം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly